**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട നിയമസഭ ചോദ്യം നം.*42**

**29/06/2016 ൽ മറുപടിക്ക്**

# പരമ്പരാഗത വ്യവസായ മേഖല നേരിടുന്ന പ്രശ്നങ്ങൾ

**ചോദ്യം**
**ശ്രീ.കെ.ദാസൻ**
**ശ്രീ.എം.എം.മണി**
**ശ്രീ.സി.കെ.ഹരീന്ദ്രൻ**
**ശ്രീ.എം.നൗഷാദ്**

**ഉത്തരം**
**ശ്രീ.ഇ.പി.ജയരാജൻ**
**(വ്യവസായവും സ്പോർട്സും വകുപ്പ് മന്ത്രി)**

| ചോദ്യം | ഉത്തരം |
|---|---|
| (എ) പരമ്പരാഗത വ്യവസായ മേഖല നേരിടുന്ന പ്രശ്നങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ; | (എ) പരമ്പരാഗത വ്യവസായ മേഖല നേരിടുന്ന പ്രശ്നങ്ങൾ സമഗ്രമായി വിലയിരുത്തി അവയെ സംരക്ഷിക്കുന്നതിനുള്ള ക്രിയാത്മകമായ നടപടികൾ സ്വീകരിച്ച് വരുന്നു.<br>കൈത്തറിമേഖലയിലെ നിലവിലെ അവസ്ഥ പഠിക്കുന്നതിനും വിലയിരുത്തുന്നതിനും വേണ്ടി സി.എം.ഡി യെ ഒരു സർവ്വേ നടത്തുന്നതിന് ഏൽപിച്ചിരുന്നു. പഠനം പൂർത്തിയാക്കി പ്രാഥമിക റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അന്തിമ റിപ്പോർട്ടിനായി ചർച്ചകൾ നടന്നു വരുന്നു. കൂടാതെ കൈത്തറി മേഖലയുടെ ഉന്നമനത്തിന് ക്രിയാത്മകമായ പദ്ധതികളും ആവിഷ്കരിച്ച് വരുന്നു.<br>ഖാദി മേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച പഠനം നടത്തുവാൻ ശ്രീ.ഗോപിനാഥൻ നായർ ചെയർമാനായ സമിതിയെ നിയോഗിച്ചിരുന്നു. 2012 ൽ സമിതി റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ഖാദി മേഖലയിലെ തൊഴിലാളികളുടെ അഭിവൃദ്ധിയുടെ ഭാഗമായി തറികളുടേയും ചർക്കകളുടേയും |

| | | | |
|---|---|---|---|
| | | | ആധുനികവൽക്കരണത്തിനു വേണ്ടിയും ഖാദി മേഖലയുടെ നവീകരണത്തിനു വേണ്ടിയും ഈ മേഖലയിലെ പ്രശ്നങ്ങളെപ്പറ്റി പഠിക്കുവാനായി കേരള സർക്കാർ നിയോഗിച്ച ശ്രീ.ഗോപി നാഥൻ നായർ ചെയർമാനായ കമ്മിറ്റി ശുപാർശ ചെയ്ത പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റിൽ നിന്നും അനുവദിച്ച തുക ഉപയോഗിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികൾ വഴി ഖാദി മേഖല മെച്ചപ്പെട്ടിട്ടുണ്ട്. |
| (ബി) | വിവിധ പരമ്പരാഗത വ്യവസായങ്ങളിലായി എത്ര പേർ തൊഴിലെടുക്കുന്നുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; | (ബി) | വിവിധ പരമ്പരാഗത വ്യവസായ മേഖലകളിലായി ഏകദേശം ഏഴര ലക്ഷത്തോളം പേർ തൊഴിലെടുക്കുന്നതായി കണക്കാക്കുന്നു. |
| (സി) | പ്രസ്തുത വ്യവസായങ്ങളുടെ സംരക്ഷണത്തിനും പുരോഗതിക്കുമായി എന്തൊക്കെ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുമെന്ന് അറിയിക്കുമോ ? | (സി) | പരമ്പരാഗത വ്യവസായങ്ങളുടെ സംരക്ഷണത്തിനും പുരോഗതിക്കുമായി വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ചു വരുന്നു. പരമ്പരാഗത മേഖലയായ ഈറ്റ, ചൂരൽ, മുള, തഴപ്പായ നെയ്ത്ത് , കൈത്തറി, ഖാദി, കയർ തുടങ്ങിയ മേഖലകളിൽ തൊഴിലെടുക്കുന്ന തൊഴിലാളികൾക്കുള്ള വരുമാന താങ്ങൽ പദ്ധതി നടപ്പാക്കി വരുന്നു. കൈത്തറി മേഖലയുടെ പുരോഗതിക്കായി വിവിധ സ്കീമുകൾ കേന്ദ്ര സംസ്ഥാന സർക്കാർ മുഖാന്തിരം നടപ്പാക്കിവരുന്നു. കൈത്തറി മേഖലയിൽ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമും ഇൻകം സപ്പോർട്ട് സ്കീമും നടപ്പാക്കി വേതന വർദ്ധനവ് വരുത്തി തൊഴിലാളികളെ ഈ മേഖലയിൽ നിലനിർത്തുന്നതിന് സാധിച്ചിട്ടുണ്ട്. മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ പരിശീലനവും സാങ്കേതിക സഹായവും ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് |

സാമ്പത്തിക സഹായവും നൽകി വരുന്നു. കൈത്തറി നെയ്ത്തുകാരുടെ സാങ്കേതിക മികവ് വർദ്ധിപ്പിക്കുന്നതിനായി പരിശീലനം നൽകുകയും അതുവഴി ഉൽപ്പാദന വർദ്ധനവും വേതന വർദ്ധനവും കൈവരിച്ചുവരുന്നു.

കരകൗശല തൊഴിലാളികളുടെ ഉന്നമനത്തിനായി കരകൗശല വ്യവസായ ക്ലസ്റ്ററുകൾ രൂപീകരിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കരകൗശല തൊഴിലാളികളുടെ പ്രോത്സാഹനത്തിനായി ദേശീയ അവാർഡിന്റെ മാതൃകയിൽ സംസ്ഥാന അവാർഡുകൾ നൽകുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷന്റെ അംഗീകൃത ഈറ്റ പനമ്പ് തൊഴിലാളികൾക്ക് മിനിമം വേജസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

ഖാദി വ്യവസായം സംരക്ഷിക്കുന്നതിന്റെ ഭാഗമായി സർക്കാർ നൽകുന്ന വാർഷിക പദ്ധതി വിഹിതമുപയോഗിച്ച് പുതിയ വർക്ക്ഷെഡുകളുടെ നിർമ്മാണം, പുതിയ ചർക്കകളും തറികളും സ്ഥാപിക്കൽ, ഖാദി തൊഴിലാളികൾക്ക് ഉൽപ്പാദന ഇൻസെന്റീവ്, ഉത്സവബത്ത നൽകൽ തുടങ്ങിയ വിവധ പദ്ധതികൾ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ